**Lalith Babu**

## ഒരു നിയമം സംബന്ധിച്ച വിശദീകരണങ്ങൾ/വ്യാഖ്യാനങ്ങൾ എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല.

കുടുംബം എന്നതിൽ നിയമപ്രകാരം ആരെല്ലാം ഉൾപ്പെടുന്നു എന്നും മരിച്ച ................... .എന്ന ആളുടെ സ്വത്ത് എപ്രകാരമാണ് ഭാഗിക്കുക എന്നും ചോദിച്ചുകൊണ്ട് വിവരാവകാശ അപേക്ഷ ലഭിച്ചു. എങ്ങനെ മറുപടി നൽകണം

ഇത് വിവരാവകാശ നിയമത്തിലെ വകുപ്പ് 2(f)ൽ പറയുന്ന "വിവരം" എന്നതിന്റെ പരിധിയിൽ വരുന്നില്ല. ഒരു നിയമം മനസ്സിലാക്കി അത് വ്യാഖ്യാനിച്ച് ഒരു **inference** ൽ **(a conclusion reached on the basis of evidence and reasoning)** എത്തി മറുപടി നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല.

മാത്രമല്ല വിവരാവകാശ നിയമത്തിന്റെ സ്പിരിറ്റ് കണക്കിലെടുത്ത് ഈ ചോദ്യത്തിന് ഒരു മറുപടി നൽകാൻ തീരുമാനിച്ചാൽ പോലും ചുരുക്കരൂപത്തിൽ ഒരു മറുപടി നൽകാൻ ബുദ്ധിമുട്ടാണ്. സങ്കീർണമായ ഒരു വിഷയമാണിത്. ഏകീകൃത സ്വഭാവമില്ല. സാന്ദർഭികമായും വ്യക്തിയുടെ മതം അനുസരിച്ചും അവകാശികളിൽ മാറ്റങ്ങൾ വരുന്നതുമാണ്. ആയതിനാൽ ബന്ധപ്പെട്ട നിയമങ്ങൾ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ് എന്ന് മറുപടി നൽകാം. ഇപ്രകാരമുള്ള ഒരു വിഷയത്തിൽ സംസ്ഥാന കമ്മീഷന്റെ നിരീക്ഷണം ഇപ്രകാരമായിരുന്നു :

**"petitioner was in the form interpretations and clarifications of certain Government Orders and Kerala Education Rules. The State Public Information Officer is not under obligation to derive or deduct or construct information. The information sought for by the petitioner do not fall under section 2(f) of RTI Act, and hence the stand taken by the State Public Information Officer is correct. If the petitioner required any specific information, the same should be requested specifically to the State Public Information Officer.**

**The complaint petition is disposed of accordingly.**
**Dated this the 16th day of January, 2010."**